മിസ്റ്റർ കെ. പി. വള്ളോൻ.—ഓരോ ദിക്കിലും അപേക്ഷകന്മാരല്ലാത്തവക്ക് സംരക്ഷകൻ സ്ഥലം പതിച്ചുകൊടുക്കാറുണ്ടോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—ചെയ്യുണ്ടതാണ്. അതു അപേക്ഷിച്ചു വേണ്ടതു ചെയ്യാം.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇതിൽ ഒരാളുടെ അപേക്ഷകിട്ടിയിട്ടില്ലെന്നു പറയുന്നു. അയാൾക്കും കൊടുക്കേണ്ടതല്ലേ?

മിസ്റ്റർ യു. കണ്ടർമേനോൻ.—ആവശ്യമുള്ളവർ അപേക്ഷിച്ചാൽ കൊടുക്കും.

Assignment of Puduval lands to Depressed Classes.

505. മിസ്റ്റർ കെ. പി. വള്ളോൻ.—പുറമ്പോക്കു സ്ഥലങ്ങൾ അധഃകൃത സ്ത്രീകൾക്കു കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക്?

മിസ്റ്റർ യു. കണ്ടർമേനോൻ.—ഉണ്ട്.

ഞാറയ്ക്കൽ പുറമ്പോക്കു സ്ഥലത്തിൽനിന്ന് 10 അധഃകൃതസ്ത്രീകൾക്കു പാർക്കുവാൻ സ്ഥലം കൊടുത്തിട്ടുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ.—10 സ്ത്രീകൾക്കു സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടെന്നുപറയുന്നു. മറ്റുള്ള സ്ത്രീകൾക്കു കൊടുക്കാതിരിക്കുന്നതിന്റെ കാരണമെന്താണ്?

മിസ്റ്റർ യു. കണ്ടർമേനോൻ.—ഓരോരുത്തർക്കു കുറേശ്ശെ കൊടുത്തുവരുന്നുവെന്നല്ലാതെ പ്രത്യേകിച്ചുകാരണമൊന്നുമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—10 സ്ത്രീകൾക്കു കൊടുപ്പാൻ പ്രത്യേകിച്ചു വല്ല കാരണവുമുണ്ടോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—അതൊന്നുമില്ല.

Requests for extension of term to Mr. Pappali, Inspector of Police at Cranganur.

506. മിസ്റ്റർ കെ. പി. വള്ളോൻ—ഇൻസ്പെക്ടർ മിസ്റ്റർ പപ്പാളിയെ കുറെനാളത്തെയ്ക്കുകൂടി കൊടുങ്ങല്ലൂർക്കു നീട്ടികൊടുക്കണമെന്നുള്ള അപേക്ഷയായി എത്ര കമ്പനികം സർവ്വമെണ്ടിലേയ്ക്കു കിട്ടിയിട്ടുണ്ട്?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—5 കമ്പനി കിട്ടീട്ടുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ.—കൊടുങ്ങല്ലൂർ നിവാസികളിൽനിന്നും 5 കമ്പനികൾ കിട്ടിയിട്ടുണ്ടെന്നു മറുപടി പറഞ്ഞിട്ടുണ്ട്. അതിനെ സംബന്ധിച്ചു വല്ലനിവാരണങ്ങളും സർവ്വെമെണ്ടിൽനിന്നു ചെയ്തുകൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—സാധാരണയായി ഇൻസ്പെക്ടരെ സ്ഥലംമാറുന്നസംഗതിയിൽ സ്ഥലനിവാസികളോട് അഭിപ്രായം ചോദിക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly